Press Release

Fr. Paul Thelakat
Spokesperson
Archdiocese of Ernakulam-Angamaly
Ph: Off: 2401635, 2402548 Res: 2352906, 2352629

VARKEY CARDINAL
VITHAYATHIL
MAJOR ARCHBISHOP OF
ERNAKULAM - ANGAMALY

Ernakulam

## ഇടയലേഖനം

വിദ്യാഭ്യാസത്തിനുള്ള മനുഷ്യന്റെ മൗലികാവകാശം  അവന്റെ സമഗ്ര വളർച്ച യ്ക്കും സമൂഹപുരോഗതിക്കും കാരണമായതുകൊണ്ടാണു ലോകമെങ്ങും വിദ്യാഭ്യാസം കൂടുതൽ പ്രോത്സാഹിപ്പിക്കപ്പെടുന്നത്. വ്യക്തിപരമായ വളർച്ചയ്ക്കൊപ്പം തങ്ങൾ ജീവിക്കുന്ന സമൂഹത്തിൽ യഥാർത്ഥ ഐക്യവും സമാധാനവും വർദ്ധിപ്പിക്കാനും, ആത്മീയവും ധാർമ്മികവുമായ മൂല്യങ്ങളിൽ അടിയുറച്ച ജീവിതത്തെ കരുപ്പിടിപ്പിക്കാനും കുട്ടികളെ പ്രാപ്തരാക്കുകയാണു വിദ്യാഭ്യാസത്തിന്റെ പ്രഥമലക്ഷ്യം. വിജ്ഞാനമേഖലയിൽ അത്യാധുനികമായ സാങ്കേതികവിദ്യകളും ശാസ്ത്രവും വളരെയേറെ കുതിക്കുമ്പോൾ വിദ്യാഭ്യാസരംഗത്തും മാറ്റങ്ങൾ ഉണ്ടാകണമെന്ന വസ്തുത മാതാപിതാക്കളും സമുദായങ്ങളും സർക്കാരുകളും മനസ്സിലാക്കണം.

ജ്ഞാനത്തിന്റെ പുസ്തകം ചോദിക്കുന്നു: “സർവ്വവും സാദ്ധ്യമാക്കുന്ന ജ്ഞാനത്തിലുപരി ധനം എന്തുണ്ട്?” (ജ്ഞാനം 8:5). “വിദ്യാധനം സർവ്വധനാൽ പ്രധാനം” എന്നു പറഞ്ഞിരുന്ന നമ്മൾ ഇന്നു കേരളത്തിൽ “വിദ്യാധനം സർവ്വപ്രശ്നനിദാന”മാകുന്ന സ്ഥതിവിശേഷത്തിനു സാക്ഷികളാണ്. സമൂഹത്തെയും സംസ്കാരത്തെയും സമ്പന്നമാക്കുന്ന വിദ്യാഭ്യാസം മാതാപിതാക്കളുടെയും സാമൂഹികപരിഷ്കർത്താക്കളുടെയും ആത്മീയനേതാക്കളുടെയും സാംസ്കാരിക നായകന്മാരുടെയും ഭരണകർത്താക്കളുടെയും അതിപ്രധാനമായ ധർമ്മമാണ്. ഈ ധർമ്മാനുഷ്ഠാനത്തിനു യാതൊരു തടസ്സവും വരാത്ത രീതിയിലാണു ലോകത്തിലെ എല്ലാ ജനാധിപത്യ ഭരണഘടനകളും വിദ്യാഭ്യാസത്തെക്കുറിച്ചു പ്രതിപാദിച്ചിരിക്കുന്നത്. എല്ലാ ഭരണഘടനകളും വിദ്യ ആർക്കും നിഷേധിക്കപ്പെടാതിരിക്കാനുള്ള വകുപ്പുകളും ചേർത്തുവച്ചിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനാ പിതാക്കളും വിദ്യാഭ്യാസനിലവാരം നാളത്തെ പൗരന്റെ വിധിയും നാടിന്റെ ഭാവിയും നിശ്ചയിക്കുന്ന പ്രധാനഘടകമാണെന്നു കണ്ടതുകൊണ്ടാണ് ഈ രാജ്യത്തെ ഏതൊരു പൗരനും ജാതിമതവർഗ്ഗ വ്യത്യാസമില്ലാതെ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള മൗലികവകാശമുണ്ടെന്നു പറഞ്ഞു വച്ചത്.

ഈ രാജ്യത്തെ കോടാനുകോടി കുട്ടികളെ വിദ്യാസമ്പന്നരാക്കുക എന്ന വലിയ ദൗത്യം ഇവിടത്തെ സർക്കാരുകൾക്കു മാത്രം സാധിക്കുന്ന കാര്യമല്ല. ഭൂരിപക്ഷ-ന്യൂനപക്ഷ വിപക്ഷമില്ലാതെ എല്ലാ വിഭാഗങ്ങളും വിദ്യാലയങ്ങൾ സ്ഥാപിക്കാനും നിലവാരമുള്ളതും സനാതനമൂല്യങ്ങളിൽ അടിയുറച്ചതുമായ വിദ്യാഭ്യാസം നല്കാനും പരി ശ്രമിക്കുന്നത് ഉത്തമമായ പൗരബോധത്തിന്റെ അടയാളമാണ്. എല്ലാ മേഖലയിലും വിദ്യാഭ്യാസ സാദ്ധ്യത തുറന്നുകൊടുക്കുന്നത് ഒരു ജനാധിപത്യ പ്രക്രിയയുടെ ഭാഗവുമാണ്. ആത്മീയതയിൽ വേരൂന്നിയ ഇന്ത്യൻ സംസ്കാരത്തിൽ വിദ്യാലയങ്ങളിൽനിന്നും ജാതിമതവ്യത്യാസമില്ലാതെ ധാർമ്മികപാഠങ്ങൾ ഉൾക്കൊള്ളുന്ന വിദ്യാഭ്യാസപദ്ധതിയാണ് ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നത്. വിദ്യാഭ്യാസം കേവലം ബൗദ്ധികമോ സാങ്കേതികമോ ആയ ഒന്നല്ല. വിദ്യാസമ്പന്നരെ വാർത്തെടുക്കുന്നതോടൊപ്പം ഒരു ബഹുമത ജാതി വർഗ്ഗരാജ്യത്തിൽ സൗഹൃദത്തോടും ഉത്തമപൗരബോധത്തോടും കൂടിയവരെ പരിശീലിപ്പിക്കലും ഏറെ പ്രസക്തമാണ്. നിരീശ്വരത്വമോ യുക്തിവാദമോ അധാർമ്മികചിന്തകളോ കുട്ടികളുടെ മനസ്സിൽ കയറുന്ന യാതൊരു പാഠ്യപദ്ധതിയും കേരളത്തിലെന്നല്ല ഇന്ത്യയിലൊരിടത്തും നടപ്പിലാക്കാൻ പാടുള്ളതല്ല.

ശാസ്ത്രീയമായും സാങ്കേതികമായും ആഗോളതലത്തിൽ വിദ്യാഭ്യാസരംഗം ദ്രുതഗിതിയിൽ വികസിച്ചപ്പോൾ നമ്മുടെ നാട്ടിൽ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് ഒരു മുരടിപ്പ് അനുഭവപ്പെട്ടു. ദീർഘ വീക്ഷണമില്ലാത്ത വിദ്യാഭ്യാസനയങ്ങൾ അതിന് ആക്കംകൂട്ടി. കേരളത്തിലെ മിടുക്കരായ വിദ്യാർത്ഥിനിവിദ്യാർത്ഥികളുടെ മാതാപിതാക്കൾ പ്രൊഫഷണൽ വിദ്യാഭ്യാസ കോഴ്സുകൾക്കായി അന്യസംസ്ഥാനങ്ങളിലേക്കു ലക്ഷങ്ങളുമായി നെട്ടോട്ടം ആരംഭിച്ചപ്പോഴാണ് ഇവിടത്തെ സർക്കാർ പ്രൊഫഷണൽ വിദ്യാഭ്യാസം സ്വകാര്യ മാനേജുമെന്റുകളെ ഏല്പിക്കാമെന്ന വിവേകപൂർണ്ണമായ തീരുമാനത്തിലെത്തിയത്. മറ്റേതൊരു രാജ്യത്തെയുംപോലെ ഉന്നത വിദ്യാഭ്യാസം നല്കാൻ അനുകൂലമായ സാഹചര്യം സൃഷ്ടിക്കാൻ ഉത്തരവാദിത്വപ്പെട്ട സർക്കാർ സ്വാശ്രയസ്ഥാപനങ്ങളുടെ കാര്യത്തിൽ ഒരു സഹായി (facilitator) യുടെ പങ്കാണു വഹിക്കേണ്ടിയിരുന്നത്. എന്നാൽ അതിനു വിപരീതമായി ഈ നാട്ടിലെ സർക്കാർ അനാവശ്യമായ നിയമങ്ങളും നിയന്ത്രണങ്ങളും വഴി സ്വകാര്യ സ്വാശ്രയസ്ഥാപനങ്ങൾക്കു കൂച്ചുവിലങ്ങിടാനാണു ശ്രമിച്ചത്. നീതിപൂർവ്വകമല്ലാത്തതും ദീർഘവീക്ഷണമില്ലാത്തതുമായ ഇത്തരം നടപടികൾ വഴി ഇന്ത്യൻ ഭരണഘടനന്യൂനപക്ഷങ്ങൾക്കു നല്കിയിരിക്കുന്ന ന്യായമായ അവകാശങ്ങളും കവർന്നെടുക്കുന്നത് ആപത്കരമാണ്.

യാഥാർത്ഥ്യബോധത്തോടെ ചിന്തിക്കുകയാണെങ്കിൽ ഭൂരിപക്ഷ-ന്യൂനപക്ഷ വ്യത്യാസമില്ലാതെ എല്ലാ സമുദായങ്ങളും നിലവാരമുള്ള പ്രൊഫഷണൽ കോളജുകൾ ഈ നാട്ടിൽ ആരംഭിക്കണം. അപ്പോൾ എല്ലാവർക്കും പഠനസാദ്ധ്യതകൾക്കുള്ള വഴിയൊരുങ്ങും. സാക്ഷരതയിലും സാമൂഹിക അവബോധത്തിലും ഏറെ മുന്നിൽ നില്ക്കുന്ന കേരളം ഉന്നത വിദ്യാഭ്യാസ കോളജുകളുടെ കാര്യത്തിൽ മററു സംസ്ഥാനങ്ങളേക്കാൾ താഴെയാണ്. നിലവാരമുള്ള സ്ഥാപനങ്ങൾ ഇല്ലാതെ പോകുന്നത് ഈ നാട്ടിലെ യുവതീയുവാക്കളുടെ ജീവിതത്തെ വളരെയധികം ദോഷകരമായി ബാധിക്കും. മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം ഉന്നത വിദ്യാഭ്യാസമെന്നു വച്ചാൽ നേഴ്സിംഗ്, എം.ബി.ബി.എസ്., എൻജിനീയറിംഗ് മേഖലകൾ മാത്രമല്ല. സേവനാധിഷ്ഠിത മായ മറ്റു പ്രൊഫഷണൽമേഖലകളും ധാരാളമുണ്ട്. നമ്മുടെ കുട്ടികൾ ഈ രംഗങ്ങളി ലേക്കും കടന്നുവരണം. വിദേശ ജോലിസാദ്ധ്യത മാത്രം മുന്നിൽ കണ്ട് ഉന്നതവിദ്യാ ഭ്യാസം നടത്തുന്നതു വിവേകമല്ല. സമ്പന്നരായ എൻ.ആർ.ഐ. വിദേശ ജോലി ചെ യ്യുന്ന ഇന്ത്യക്കാരെ സൃഷ്ടിക്കുന്നതിനേക്കാൾ ഇ.ആർ.ഐ. (Excelelnt Resident Indians) മികച്ചനിലവാരമുള്ള ഇന്ത്യയിൽ വസിക്കുന്നവരെക്കൂടി നാം വാർത്തെടുക്കണം.

പാവപ്പെട്ടവരുടെയും സമൂഹത്തിൽ തഴയപ്പെട്ടവരുടെയും വിദ്യാഭ്യാസ ഉന്നമനത്തിൽ ലക്ഷ്യമിട്ട് ഈ നാട്ടിലെ ക്രൈസ്തവസഭകൾ നൂറ്റാണ്ടുകളായി വിദ്യാഭ്യാസരംഗത്തു ചെയ്തുവരുന്ന നന്മകൾ കേരളത്തിന്റെ ചരിത്രത്തിൽനിന്നും തുടച്ചു നീക്കാനാവില്ല. ജാതിമതവ്യാത്യസമെന്യേ അച്ചടക്കബോധവും ധാർമ്മികവും മൂല്യാധിഷ്ഠിതവുമായ വിദ്യാഭ്യാസം പകരുന്നതിൽ ക്രൈസ്തവസഭകൾ നടത്തുന്ന സ്ഥാപനങ്ങൾ വളരെ മികച്ച നിലവാരം പുലർത്തുന്നുണ്ട്. ഉത്തമമായ ശിക്ഷണം കുട്ടികൾക്കു നല്കുവാൻ ക്രൈസ്തവസ്ഥാപനങ്ങളെ സഹായിച്ച കാര്യം ഭരണഘടനാനുസൃതമായി സ്വന്തം വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്നതിനു ലഭിച്ച അവകാശമാണ്. ഇന്നത്തെ കേരള രാഷ്ട്രീയത്തിൽ അടിസ്ഥാനവിദ്യാഭ്യാസരംഗത്തെ അച്ചടക്കരാഹിത്യത്തിലേക്കും അരക്ഷിതാവസ്ഥയിലേക്കും തള്ളിവിടുന്ന രീതിയിൽ വിദ്യാഭ്യാസരംഗത്തെ രാഷ്ട്രീയവത്കരിക്കാൻ തക്ക നിയമനിർമ്മാണങ്ങൾ നടത്തുവാൻ ശ്രമിക്കുന്നത് അപകടകരവും ഭരണഘടനാവിരുദ്ധവും ന്യൂനപക്ഷാവകാശധ്വംസനവുമാണ്. ഭരണഘടനാപ്രകാരം മതന്യൂനപക്ഷങ്ങൾക്കു സ്കൂളുകൾ സ്ഥാപിക്കാനും നടത്താനുമുള്ള സ്വാതന്ത്ര്യമുണ്ട്. ഇതിൽ ഇടപെടുന്ന സർക്കാർ ഒരു മതേതര ജനാധിപത്യത്തിലെ മൗലികാവകാശമായ മതസ്വാതന്ത്ര്യത്തിലാണു കൈകടത്തുന്നത്; അതു ജനാധിപത്യവിരുദ്ധമാണ്.

ഈ നാട്ടിലെ ചെറുപ്പക്കാർക്ക് ഈ നാട്ടിൽത്തന്നെ ഉന്നത വിദ്യാഭ്യാസത്തിനുള്ള സാഹചര്യമൊരുക്കണമെന്നു പറയുന്നതിൽ ഒരു സാംസ്കാരികമൂല്യവുമുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന് അന്യസംസ്ഥാനങ്ങളിലേക്കു കുടിയേറുന്നവർ അന്യമായ ഒരു സംസ്കാരത്തിൽ ജീവിക്കണമെന്നു മാത്രമല്ല മലയാള നാടിന്റെ തനതായ സംസ്കാരത്തിൽനിന്നും വ്യത്യസ്തമായതും അഭിലഷണീയമല്ലാത്ത ഉപസംസ്കാരങ്ങളുടെ വക്താക്കളുമായിത്തീരാം. അതുകൊണ്ടു സ്വതന്ത്രമായും നീതിയുക്തമായും സ്വാശ്രയ കോളജുകളും പ്രാഥമികവിദ്യാലയങ്ങളും നടത്തിക്കൊണ്ടുപോകാനുള്ള ഒരു

സാഹചര്യം ഇവിടത്തെ സാമുദായികനേതാക്കന്മാരും മതനേതൃത്വവും ആഗ്രഹിക്കുന്നു.

സ്വാശ്രയ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ കോടതിവിധികൾ ന്യായവും നീതിയുക്തവുമാണെങ്കിൽ സർക്കാർ അതനസരിച്ചു പ്രവർത്തിക്കണം. നിയമവും നീതിയും കൈയിലെടുക്കാൻ രാഷ്ട്രീയസംഘടനകളെ കയറൂരിവിടുന്നതു സർക്കാരിന്റെ അന്തസ്സിനെബാധിക്കും. സ്വാശ്രയ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ വർഷങ്ങളായി തുടരുന്ന അനിശ്ചിതാവസ്ഥയ്ക്ക് ഒരു വിരാമം അനിവാര്യമാണ്. എത്രനാൾ സർക്കാരും സ്വകാര്യ മാനേജുമെന്റുകളും തമ്മിൽ ആശയസംഘർഷം തുടരും. ഇത്തരം സാഹചര്യം ഇവിടത്തെ വിദ്യാർത്ഥികളെയും മാതാപിതാക്കളെയും നിരാശപ്പെടുത്തുകയല്ലേ. സുഗമമായി സ്വാശ്രയകോളജുകൾ നടത്താൻ സർക്കാർ പിന്തുണയ്ക്കുന്നതോടൊപ്പം സ്വകാര്യ മാനേജുമെന്റുകൾ സുതാര്യമായി സ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോകുകയും വേണം. ഇക്കാര്യത്തിൽ പരസ്പരസഹകരണവും നീതിബോധവും രണ്ടുകൂട്ടർക്കും വേണം.

ഈ ആത്മഭൂമിയിൽ എല്ലാ പ്രശ്നങ്ങൾക്കും ഒരു പരിഹാരം കണ്ടെത്താനാകും എന്നതാണു സുമനസ്സുകളുടെ പ്രതീക്ഷ. പരസ്പരസംഭാഷണങ്ങളും ചർച്ചകളും മനുഷ്യ സമൂഹത്തിൽ ഇടം കണ്ടെത്തുന്നത് ഈ പ്രത്യാശയിൽനിന്നാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ എല്ലാ മാനുഷിക പ്രശ്നങ്ങളിലും ഇടപെടാൻ മെത്രാന്മാർക്കു ധാർമ്മികമായ ഉത്തരവാദിത്വമുണ്ടെന്നു പറയുന്നുണ്ട്. അതോടൊപ്പം കൗൺസിൽ 'മെത്രാന്മാർ' എന്ന ഡിക്രിയിൽ എഴുതുന്നു: "സഭയുടെ ചുമതലയിൽപ്പെട്ടതാണ് അവൾ ജീവിക്കുന്ന മനുഷ്യസമുദായത്തോടു സമ്പർക്കം പുലർത്തുക എന്നത്. തന്മൂലം മനുഷ്യരുടെയിടയിലേക്ക് ഇറങ്ങിച്ചെല്ലുകയും അവരുമായി ഡയലോഗ് നടത്താൻ അവസരം ആരായുകയും അതു ത്വരിതപ്പെടുത്തുകയും ചെയ്യുകയാണു മെത്രാന്മാരുടെ മുഖ്യധർമ്മം" (മെത്രാന്മാർ 13).

ഏതൊരു പ്രശ്നവും പരസ്പര സംഭാഷണത്തിലൂടെ തീർക്കാനാണു സഭയുടെ ആഗ്രഹം. അതിനുള്ള പ്രശ്നങ്ങളേ ഇന്നു കേരളത്തിലുള്ളൂ. പാവപ്പെട്ടവരെ പഠിപ്പിക്കുന്നതിൽ എന്നും ഔത്സുക്യം കാണിച്ചിട്ടുള്ള സഭകൾ ഉന്നത വിദ്യാഭ്യാസരംഗത്തും ഈ ലക്ഷ്യം വച്ചുപുലർത്തുന്നു. ഇവിടെ പാർട്ടികൾക്കും സർക്കാരിനും സ്വകാര്യ മാനേജുമെന്റുകളും യാഥാർത്ഥ്യബോധത്തോടെയും നീതിബോധത്തോടെയും ഈ പ്രശ്നങ്ങൾക്കു പരിഹാരം തേടണം. ഇന്നത്തെ ഈ പ്രതിസന്ധി വസ്തുനിഷ്ഠമായി പരിഹരിക്കാൻ സഭയ്ക്കും സാമുദായികനേതാക്കൾക്കും സർക്കാരിനും കഴിയട്ടെ എന്നതായിരിക്കണം നമ്മുടെ പ്രാർത്ഥന. ഈ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള മാധ്യമ റിപ്പോർട്ടുകളിലെ തെറ്റും ശരിയും വിവേചിച്ച് അറിയാനുള്ള വിവേചനശക്തി കേരളത്തിലെ ഓരോ പൗരനും ലഭിക്കട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട്.

+ Varkey Vithayathil

Ernakulam,
23rd July, 2007

**+ കർദ്ദിനാൾ വർക്കി വിതയത്തിൽ**
സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്